പട്ടുവം ആയുർവേദ ആശുപത്രി കെട്ടിട ഉദ്ഘാടനം യു.ഡി.എഫ് ബഹിഷ്കരിക്കും

തളിപ്പറമ്പ: പട്ടുവം ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങ് യു.ഡി.എഫ് പട്ടുവം പഞ്ചായത്ത് കമ്മിറ്റി ബഹിഷ്ക്കരിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ലോക ബാങ്കിന്റെ ധനസഹായത്തോടെ പട്ടുവം ആശുപത്രി പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കാൻ സ്ഥലം സൗജന്യമായി നൽകിയ പട്ടുവം ഗ്രാമസേവാ സംഘത്തെയും പ്രൊജക്ട് യാഥാർത്ഥ്യമാക്കാൻ ഭരണസമിതിയോടൊപ്പം ഏറെ പ്രയത്നിച്ച രാജീവൻ കപ്പച്ചേരിയെ പ്രതിപക്ഷ മെമ്പർമാരുടെ പ്രതിനിധി എന്നനിലയിലും ഉദ്ഘാടന ചടങ്ങിൽ ക്ഷണിക്കാത്തതിനാലാണ് ബഹിഷ്ക്കരിക്കാൻ തീരുമാനിച്ചത്. ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിക്കാൻ വി. ചന്ദ്രൻമാസ്റ്റർ പ്രസിഡണ്ടും ഒ.വി. ഗോപാലൻ മാസ്റ്റർ സെക്രട്ടറിയുമായ ഗ്രാമസേവാ സംഘം പത്ത് സെന്റ് ഭൂമി നൽകിയിരുന്നു. ഉദ്ഘാടനത്തിന് വേണ്ടിയുള്ള സംഘാടക സമിതി രൂപീകരണത്തിന് കെട്ടിടത്തിന് സ്ഥലം നൽകിയ ഗ്രാമസേവാ സംഘത്തിന്റെ പ്രതിനിധികളെ ക്ഷണിച്ചിരുന്നില്ല. ഇത് പഞ്ചായത്ത് അധികൃതരെ ചൂണ്ടിക്കാണിച്ചപ്പോൾ ഗ്രാമസേവാ സംഘം ഭാരവാഹികളെ അധിക്ഷേപിക്കുകയും ചെയ്തിരുന്നുവത്രെ. ഇതേ തുടർന്നാണ് ഉദ്ഘാടന ചടങ്ങ് ബഹിഷ്ക്കരിക്കാൻ യു.ഡി.എഫ് തീരുമാനിച്ചത്. വാർത്താ സമ്മേളനത്തിൽ രാജീവൻ കപ്പച്ചേരി, സി. നാരായണൻ, കെ. ഹാമിദ് മാസ്റ്റർ, പി.പി. സുബൈർ എന്നിവർ സംബന്ധിച്ചു.

ശാസ്ത്ര സാഹിത്യ പരിഷത്ത് തളിപ്പറമ്പ മേഖല സമ്മേളനം

തളിപ്പറമ്പ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തളിപ്പറമ്പ മേഖലാ സമ്മേളനം ഇന്നും നാളെയുമായി ഒഴക്രോത്ത് നടക്കും. ഇന്ന് വൈകുന്നേരം 5.30ന് കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ. എസ്.എസ്. അനിൽകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും. 'ജലസുരക്ഷ; നമുക്കെന്തു ചെയ്യാം' എന്ന വിഷയം അവതരിപ്പിച്ചു. ടി.വി. നാരായണൻ സംസാരിക്കും. നാളെ രാവിലെ 9 മണി മുതൽ മേഖലയിലെ 13 യൂനിറ്റുകളിൽ നിന്നുള്ള 100 പ്രതിനിധികൾ പങ്കെടുത്തുകൊണ്ടുള്ള പ്രതിനിധി സമ്മേളനം മോറാഴ സൗത്ത് എ.എൽ.പി സ്കൂളിൽ ചേരും.

മണക്കടവ്-മൂരിക്കടവ് റൂട്ടിൽ തിങ്കളാഴ്ച മുതൽ ബസ് സർവീസ് നിർത്തുന്നു

ആലക്കോട്: റോഡിന്റെ തകർച്ച പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് തിങ്കളാഴ്ച മുതൽ മണക്കടവ്-മൂരിക്കടവ് റൂട്ടിലെ ബസ് സർവ്വീസുകൾ നിർത്തിവെയ്ക്കുമെന്ന് ജീവനക്കാർ അറിയിച്ചു. കാലങ്ങളായി റോഡ് തകർച്ചയിലായിട്ടും റീടാറിംഗിന് നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് ബസുകൾ സർവീസ് നിറുത്തിവെയ്ക്കുന്നത്. നിരവധി ബസുകളാണ് മൂരിക്കടവ് റൂട്ടിൽ സർവീസ് നടത്തുന്നത്.

കണ്ടലിനെ കണ്ടറിയാൻ, ഗ്രാമത്തെ തൊട്ടറിയാൻ; ക്രൂയിസ് ടൂറിസം പദ്ധതിയുമായി ഏഴോം ഒരുങ്ങി

കണ്ണൂർ: കണ്ടലിനെ കണ്ടറിയാൻ... ഗ്രാമത്തെ തൊട്ടറിയാൻ എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ക്രൂയിസ് ടൂറിസം, ജൈവഗ്രാമം പദ്ധതിയുമായി ഏഴോം അണിഞ്ഞൊരുങ്ങുന്നു. ടി .വി രാജേഷ് എം.എൽ .എയുടെ മാർഗ നിർദേശങ്ങളോടെയും സഹകരണ വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും സഹകരണത്തോടെയാണ് പദ്ധതി. ഏഴോം സർവ്വീസ് സഹകരണ ബേങ്ക് ആഗ്രോ റിവർ സസ്റ്റെയിനബിൾ ടൂറിസം പദ്ധതിയായ 'ഏഴിലം' നാളെ വ്യവസായ മന്ത്രി എ. സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. രാവിലെ 9.30ന് കോട്ടക്കീൽ ഫീഷ്ലാന്റിംഗ് സെന്റർ പരിസരത്ത് നടക്കുന്ന ചടങ്ങിൽ ടി. വി രാജേഷ് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. പദ്ധതിയുടെ ഭാഗമായി 15 പേർക്ക് സഞ്ചരിക്കാവുന്ന ഡെ ക്രൂയിസർ ബോട്ട് നീറ്റിലിറക്കും.

സഹകരണ മേഖലയിൽ ആദ്യമായാണ് ഏഴോം സർവ്വീസ് സഹകരണ ബേങ്ക് ടൂറിസം, ജൈവ ഗ്രാമം പദ്ധതിയിലൂടെ ഒരു പുതിയ ചുവട് വെയ്പ്പ് നടത്തുന്നതെന്ന് ടി.വി. രാജേഷ് എം.എൽ.എ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന സർക്കാറിന്റെ നിർദ്ദിഷ്ട മലബാർ ടൂറിസം വികസന പദ്ധതിയുടെ ഒരു സുപ്രധാന കേന്ദ്രമായി പഴയങ്ങാടി കുപ്പം പുഴയിലൂടെയുള്ള ജലയാത്രക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. പഴയങ്ങാടി കുപ്പം കൂവേരി വരെയും മാടായി പഞ്ചായത്തിലൂടെ കടന്നുപോകുന്ന സുൽത്താൻ കനാലും പ്രയോജനപ്പെടുത്തി ഹൗസ് ബോട്ടുകളും കൊപ്ര വള്ളങ്ങളും സ്പീഡ് ബോട്ടുകളും തുഴ വഞ്ചികളും നീറ്റിലിറക്കിയാണ് പദ്ധതിക്ക് ബേങ്ക് തുടക്കം കുറിക്കുന്നത്. നാടിന്റെ പ്രകൃതിയാലുള്ള ഘടന നഷ്ടപ്പെടാതെ തദ്ദേശിയരായ ജനങ്ങളെയും ഭാഗമാക്കുന്ന രീതിയിലുള്ള ഇക്കോ ഫ്രണ്ട്‌ലി സസ്റ്റയിനബിൾ ടൂറിസം പദ്ധതിയാണ് ബേങ്ക് വിഭാവനം ചെയ്യുന്നതെന്നും രാജേഷ് പറഞ്ഞു .

കണ്ടൽ സംരക്ഷിക്കുന്നതിനും കണ്ടലിനെ നേരിട്ട് കണ്ടറിയുവാനും പഠനം നടത്തുവാനും കഴിയുന്ന രീതിയിലാണ് പദ്ധതി. പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പരിസ്ഥിതി സൗഹൃദമാണ്. വിഷം കലരാത്ത കൈപ്പാട് അരിയും പഴയങ്ങാടി കുപ്പം പുഴയിലെ മത്സ്യ വിഭവങ്ങൾ ഉപയോഗിച്ച് വിഭവ സമൃദ്ധമായ ഭക്ഷണം നൽകുന്നതിനും പ്രത്യേകമായി ശ്രദ്ധിക്കും. ജലയാത്രയോടൊപ്പം മാടായിക്കാവ് വടുകുന്ന ശിവക്ഷേത്രം, ഏഴിമല, തളിപ്പറമ്പ് ക്ഷേത്രങ്ങൾ, പറശിനികടവ് തുടങ്ങിയ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളും കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി യാത്രാ പാക്കേജുകളും നടത്തും. ഏഴോം കോട്ടക്കീൽ പ്രദേശം കേന്ദ്രീകരിച്ച് ആഗ്രോ ടൂറിസം വില്ലേജ് സങ്കൽപത്തിലേക്കും പദ്ധതി ഒരുക്കും. ഇതിന്റെ ഭാഗമായി ഹോം സ്റ്റേ ഉൾപ്പെടെയുള്ള സൗകര്യങ്ങളും സമ്പൂർണ ജൈവ ഭക്ഷ്യോത്പാദന പദ്ധതികളും നടപ്പിലാക്കി വരികയാണ്. 32 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളെ നടക്കുന്ന ചടങ്ങിൽ ജില്ലാ കലക്ടർ മീർമുഹമ്മദലി ലോഗോ പ്രകാശനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ .വി സുമേഷ് ആദ്യടിക്കറ്റ് വിൽപ്പന നടത്തും. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഒ.വി നാരായണൻ താത്കാലിക ബോട്ട് ജെട്ടി ഉദ്ഘാടനം നിർവ്വഹിക്കും. വാർത്താസമ്മേളനത്തിൽ ടി. ആർ. മധുകുമാർ, ഇ .വേണു, എം സുകുമാരൻ എന്നിവരും സംബന്ധിച്ചു.

സമ്മർ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് ആരംഭിച്ചു

കണ്ണൂർ: സ്പോർട്ടിംഗ് ബഡ്സ് കോച്ചിംഗ് സെന്ററിന്റെ വാർഷിക സമ്മർ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് ആരംഭിച്ചു. എ.ആർ. അസിസ്റ്റന്റ് കമാണ്ടൻ ടി.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ കെ. ബാലകൃഷ്ണൻ അധ്യക്ഷനായി. സി.എം. ശിവരാജൻ, കെ. ഭരതൻ, കെ.കെ. മോഹനൻദാസ്, ഡോ. വിവേകാനന്ദൻ, ജികെ. പ്രദീപ്കുമാർ, കെ.പി. വിനയകൃഷ്ണൻ, എം.സി. സുരേഷ്കുമാർ സംബന്ധിച്ചു. കൺവീനർ വി. രഘൂത്തമൻ സ്വാഗതവും ഡയറക്ടർ അശ്വിൻ ജനാർദനൻ നന്ദിയും പറഞ്ഞു. നേരത്തെ എസ്.എൻ. വിദ്യാമന്ദിരത്തിന്റെ വകയായുള്ള ഫുട്ബോളുകൾ എം. ശിവരാജൻ കോച്ചിംഗ് സെന്ററിന്റെ ഭാരവാഹികൾക്ക് കൈമാറി. ക്യാമ്പ് മെയ് 31 വരെ നീണ്ടുനിൽക്കും. തുടർന്ന് സ്കൂൾ അവധി ദിവസങ്ങളിൽ തുടർ പരിശീലനവും നടക്കും.

സി.ഐ.ടി.യു മെയ് ദിന കായിക മൽസരങ്ങൾ നാളെ

ആലക്കോട്: മെയ് ദിനാചരണത്തിന്റെ ഭാഗമായി സി.ഐ.ടി.യു ആലക്കോട് ഏരിയാ കമ്മിറ്റി ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കായിക മൽസരങ്ങൾ നാളെ നടക്കും. അത്‌ലറ്റിക്സും വോളിബോളും കാർത്തികപുരത്തും, ചെസ് മൽസരങ്ങൾ തിമിരിയിലും, ഷട്ടിൽ ടൂർണ്ണമെന്റ് ആലക്കോടുമായാണ് നടക്കുന്നതെന്ന് സംഘാടക സമിതി അറിയിച്ചു. ഫോൺ: 9496851001.

തളിപ്പറമ്പ: സി.ഐ.ടി.യു തളിപ്പറമ്പ് ഏരിയാ കമ്മിറ്റി ആഭിമുഖ്യത്തിൽ നടക്കുന്ന മെയ്ദിന കായികമേളയുടെ ഭാഗമായി നാളെ കൂവോട് സ്റ്റേഡിയത്തിൽ കായിക, ചെസ്, കാരംസ് മൽസരങ്ങൾ നടക്കും. രാവിലെ 8.30ന് മൽസരങ്ങൾ ആരംഭിക്കും.

ഉത്തരമലബാറിലെ വസ്ത്ര വ്യാപാര സ്ഥാപനമായ സെഞ്ചറി ഫാഷൻ സിറ്റിയുടെ തലശേരി ഷോറൂം ഉദ്ഘാടനം എ.എൻ.ഷംസീർ എം.എൽ.എ നിർവഹിക്കുന്നു. പാർട്ണർമാരായ പി. അഷ്‌റഫ് ഹാജി, പി. സിദിഖ്, പി. അബ്ദുൾനാസർ, പി. ഇബ്രാഹിം, പി. ഫിറോസ്, പി. മുഹമ്മദ് ഫസൽ, പി. റാസിഖ്, പി. ഷൈലാജ് എന്നിവർ സമീപം.

അഗ്നിശമന സുരക്ഷാ ക്ലാസ്സ്

ശ്രീകണ്ഠപുരം: ചുഴലി വിജ്ഞാന പോഷിണി വായനശാല ആൻഡ്ഗ്രന്ഥാലയവും ജീവനം സ്വയം സഹായ സംഘവും സംയുക്തമായി അഗ്നിശമന സുരക്ഷാ ക്ലാസ്സ് സംഘടിപ്പിച്ചു. ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെയാണ് ക്ലാസ്സ് സംഘടിപ്പിച്ചത്.

പാചക വാതക സുരക്ഷ, കാട്ടുതീ, തീപ്പിടുത്തം തുടങ്ങിയ വിഷയത്തിൽ സ്റ്റേഷൻ ഓഫീസർ പി.വി. പവിത്രൻ ബോധവത്കരണ ക്ലാസ്സ് എടുത്തു. പി.ഒ.ഭാസ്ക്കരൻ അധ്യക്ഷത വഹിച്ചു. വായനശാല സെക്രട്ടറി ടി.വി.ഒ സുനിൽ കുമാർ സ്വാഗതവും കെ.കെ.സുരേഷ് നന്ദിയും പറഞ്ഞു.

വോളി ഫെസ്റ്റ് ഇന്ന് മുതൽ

ചപ്പാരപ്പടവ്: തേറണ്ടി ഗ്രാമീണ കലാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാലാമത് വോളി ഫെസ്റ്റ് ഇന്ന് തിടിൽ കണ്ണൻ സ്മാരക ഫ്ളഡ് ലൈറ്റ് സ്റ്റേഡിയത്തിൽ ആരംഭിക്കും. ഇന്ന് വൈകുന്നേരം ഏഴ് മണിക്ക് ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മൈമൂനത്ത് ഉദ്ഘാടനം ചെയ്യും. എട്ട് ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റിന്റെ ഫൈനൽ പത്തിന് രാത്രി എട്ട് മണിക്ക് നടക്കും. സമാപന സമ്മേളനത്തിൽ കെ.വി. സഹദേവൻ അധ്യക്ഷനാകും. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം. ലക്ഷ്മണൻ സമ്മാനദാനം നിർവഹിക്കും. സി. രാജീവൻ സ്വാഗതവും ടി. പവനൻ നന്ദിയും പറയും.



മന്നക്ക് ഓവുചാലിൽ വീണ് കിടക്കുന്ന സ്ലാബ്

ഓവുചാൽ സ്ലാബ് തകർന്നു; മന്നക്ക് അപകടക്കെണി

തളിപ്പറമ്പ: എന്തെങ്കിലും അപകടം സംഭവിച്ചാൽ മാത്രമേ നടപടിയെടുക്കൂ എന്ന് അധികൃതർക്ക് നിർബന്ധമുണ്ടെങ്കിൽ തളിപ്പറമ്പ മന്ന ജംഗ്ഷനിലെ ഓവുചാലിന്റെ തകർന്ന സ്ലാബ് ധൈര്യമായിട്ട് മാറ്റാം. കാരണം തകർന്ന സ്ലാബിൽ കൂടി ഒരാൾ ഓവുചാലിൽ വീണ് പരിക്കേറ്റിട്ടുണ്ട്. ഇവിടെ സ്ലാബ് ഓവുചാലിലേക്ക് തകന്ന് വീണിട്ട് ഒരാഴ്ചയിൽ അധികമയി. ഇത്രയും ദിവസമായിട്ടും സ്ലാബ് പുതുക്കിപ്പണിയാൻ അധികൃതർ തയ്യാറായിട്ടില്ല. സയ്യിദ് നഗർ ഭാഗത്ത് നിന്ന് കാൽനടയായി മന്ന ഭാഗത്തേക്ക് വരുന്നവർ സ്ലാബ് വഴിയാണ് കടന്നുപോയിരുന്നത്. എന്നാൽ സ്ലാബ് തകർന്ന് വീണതോടെ സ്ലാബ് വിട്ട് റോഡിലിറങ്ങിയാണ് നടക്കുന്നത്. ഇടതടവില്ലാതെ നിരന്തരം വാഹനങ്ങൾ കടന്നുപോകുന്ന റോഡായതിനാൽ റോഡിലിറങ്ങി നടക്കുന്നത് ഏറെ അപകടങ്ങൾക്ക് സാധ്യതയുണ്ട്. ആഴ്ചകൾക്ക് മുമ്പ് ഈ ഓവുചാൽ വൃത്തിയാക്കിയിരുന്നു. അന്ന് സ്ഥാപിച്ചതാണ് തകർന്ന് വീണ സ്ലാബുകൾ. വളവായതിനാൽ വാഹനങ്ങളുടെ അരിക് തട്ടിയാണ് സ്ലാബ് തകർച്ചാ ഭീഷണിയിലായത്. പിന്നീട് രണ്ട് കഷണമായി ഓവുചാലിലേക്ക് തകർന്ന് വീഴുകയായിരുന്നു. കഴിഞ്ഞ ദിവസം ഒരാൾ ഇതിൽ വീണ് പരിക്കേൽക്കുകയും ചെയ്തു. ഇതോടെ സമീപത്തുള്ള സ്ഥാപനങ്ങളിലുള്ളവർ ജനങ്ങൾ ഓടയിൽ വീഴാതിരിക്കാൻ കയർ കെട്ടി വെച്ചിരിക്കുകയാണ് ഇവിടെ. അപകടം സംഭവിച്ചതിനാൽ ഇനിയെങ്കിലും സ്ലാബ് മാറ്റുമെന്ന പ്രതീക്ഷയിലാണ് സമീപത്തെ കടയുടമകൾ.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് തൊഴിൽ പരിശീലനം

തളിപ്പറമ്പിലും പരിസര പ്രദേശങ്ങളിലുമുള്ള മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് കുടുംബശ്രീ രൂപീകരിക്കുന്നതിനും ഇത്തരത്തിലുള്ള 16 വയസിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനവും പുനരധിവാസ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ സാധ്യതകൾ ആരായുന്നതിനുമായി രക്ഷിതാക്കളുടെ ഒരു യോഗം നാളെ ഉച്ചക്ക് മൂന്ന് മണിക്ക് തളിപ്പറമ്പ് രാജരാജേശ്വരി ക്ഷേത്രത്തിന് സമീപത്തുള്ള റെയ്ഡ് സ്റ്റാർ വായനശാല ആന്റ് ഗ്രന്ഥാലയത്തിൽ വച്ച് ചേരും. ഫോൺ: 9447757537.

സൗജന്യ നേത്ര പരിശോധനയും തിമിരരോഗ നിർണ്ണയ ക്യാമ്പും നടത്തി

തളിപ്പറമ്പ: തൃച്ചംബരം പൊതുജന വായനശാല ആന്റ് സ്പോർട്സ് ക്ലബിന്റെയും മലബാർ ഐ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധനയും തിമിര രോഗ നിർണ്ണയ ക്യാമ്പും നടത്തി. തൃച്ചംബരം പൊതുജന വായനശാലയിൽ നടന്ന പരിപാടി നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡണ്ട് കെ. ഹരിദാസ് അധ്യക്ഷത വഹിച്ചു. നഗരസഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രജനി രമാനന്ദ്, ഡോ. കെ.എം. സീമ, പി. കുഞ്ഞികൃഷ്ണൻ, സി.പി. മനോജ് പ്രസംഗിച്ചു.

സംയുക്ത തൊഴിലാളി യൂണിയൻ ജാഥയുടെ സമാപന സമ്മേളനം കരുവഞ്ചാലിൽ വി.എ. റഹിം ഉദ്ഘാടനം ചെയ്യുന്നു.

സംയുക്ത തൊഴിലാളി യൂണിയൻ ജാഥക്ക് സ്വീകരണം നൽകി

ആലക്കോട്: കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് നടത്തിയ ദേശീയ പണിമുടക്കിന്റെ പ്രചരണാർത്ഥം സംയുക്ത തൊഴിലാളി യൂണിയൻ ആഭിമുഖ്യത്തിൽ ആലക്കോട് ഏരിയായിൽ സംഘടിപ്പിച്ച വാഹന ജാഥ മണക്കടവിൽ സി.പി.എം ജില്ലാ കമ്മിറ്റി അംഗം എം. കരുണാകരൻ ഉദ്ഘാടനം ചെയ്തു. തോമസ് മണക്കടവ് അധ്യക്ഷത വഹിച്ചു. വിവിധ കേന്ദ്രങ്ങളിലെ സ്വീകരണങ്ങൾക്ക് ശേഷം ജാഥ കരുവഞ്ചാലിൽ സമാപിച്ചു. സമാപന സമ്മേളനം വി.എ. റഹിം ഉദ്ഘാടനം ചെയ്തു. തോമസ് മണ്ണൂർ അധ്യക്ഷത വഹിച്ചു. ജാഥാ ലീഡർ ജോസ് ജോർജ് പ്ലാത്തോട്ടം, ടി. പ്രഭാകരൻ, പി. രാമചന്ദ്രൻ, പി.പി. ശശി, അബ്ദു മൂന്നാംകുന്ന്, കെ.പി. ജാഫർ പ്രസംഗിച്ചു. എൻ.ജി. ഗിരീഷ് സ്വാഗതം പറഞ്ഞു.

വാഹനങ്ങൾ ചെളിയിൽ കുടുങ്ങിയത് ഗതാഗതം താറുമാറാക്കി

ആലക്കോട്: മലയോര ഹൈവേ നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനിടെ കനത്ത മഴയിൽ വാഹനങ്ങൾ ചെളിയിൽ കുടുങ്ങിയത് മണിക്കൂറുകളോളം ഗതാഗതം താറുമാറാക്കി. ഇന്നലെ വൈകുന്നേരം നെല്ലിപ്പാറ- അരങ്ങം റൂട്ടിൽ കണ്ണാടിപ്പാറയിലാണ് സംഭവം. കലുങ്ക് നിർമ്മാണവും റോഡ് വീതി കൂട്ടലുമായി ബന്ധപ്പെട്ട് മാസങ്ങളായി ഇവിടെ റോഡ് കുത്തിപ്പൊളിച്ചിട്ടിരിക്കുകയാണ്. വേനൽ മഴ പെയ്തതോടെ റോഡ് ചെളിക്കുണ്ടായി മാറിയതും, ബസുകളും ലോറികളും ചെറു വാഹനങ്ങളും ഇതിൽ താഴുകയും ചെയ്തതാണ് ഗതാഗതം ദുരിതമാക്കിയത്. ആലക്കോട് -ചെറുപുഴ റൂട്ടിൽ ഏറെ നേരം വാഹന ഗതാഗതം സ്തംഭിച്ചു. രാത്രി ഏറെ വൈകിയാണ് ഗതാഗതം സാധാരണ നിലയിലായത്. റോഡ് നിർമ്മാണ പ്രവർത്തികൾ ഇഴഞ്ഞു നീങ്ങുന്നതാണ് കണ്ണാടിപ്പാറയിൽ യാത്രക്കാർ നേരിടുന്ന ദുരിതത്തിന് കാരണമായത്. ഇതിനിടെ പല ബൈക്ക് യാത്രികരും ചെളിയിലേക്ക് മറിഞ്ഞ് വീഴുകയും ചെയ്തു.

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി
തളിപ്പറമ്പ
ലോകാരോഗ്യദിന
സന്ദേശറാലി
ഏപ്രിൽ 7

ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് തളിപ്പറമ്പ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സന്ദേശറാലി

രയരോത്ത് ഇന്ന് ആത്മീയ സദസ് കെ.ആലിക്കുട്ടി ഉദ്ഘാടനം ചെയ്യും

ആലക്കോട്: രയരോം മഖാം ഉറൂസിനോടനുബന്ധിച്ച് ഇന്ന് വൈകുന്നേരം ഏഴിന് നടക്കുന്ന ആത്മീയ സദസ് സമസ്ത ജനറൽ സെക്രട്ടറി കെ. ആലിക്കുട്ടി ഉസ്താദ് ഉദ്ഘാടനം ചെയ്യും. സക്കരിയ ദാരിമി കാക്കടവ് പ്രഭാഷണം നടത്തും. തുടർന്ന് നടക്കുന്ന ഇശൽ മദ്ഹ് പ്രശസ്ത മാപ്പിളപ്പാട്ട് ഗായകൻ അസീസ് തായിനേരി ഉദ്ഘാടനം ചെയ്യും. പ്രശസ്തമായ അന്നദാനം നാളെ ഉച്ചക്ക് 1.30ന് നടക്കും. രാത്രി എട്ടിന് റിയാസ് മന്നാനി പ്രഭാഷണം നടത്തും. സമാപന ദിവസമായ ഒമ്പതിന് വൈകുന്നേരം 6.30ന് ടൗൺ ഘോഷയാത്ര, 7.30ന് ഉമർ ഹുദവി, പൂളപ്പാടം പ്രഭാഷണം നടത്തും. സമാപന കൂട്ട പ്രാർത്ഥനക്ക് മാണിയൂർ ഉസ്താദ് നേതൃത്വം നൽകും.

പടപ്പേങ്ങാട് ബാലേശുഗിരി സ്മാർട്ട്
അംഗൻവാടി കം സേവാകേന്ദ്രം

വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നാളെ ഉദ്ഘാടനം ചെയ്യുന്ന പടപ്പേങ്ങാട് ബാലേശുഗിരി സ്മാർട്ട് അംഗൻവാടി കം സേവാകേന്ദ്രം

ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയ ശിലാസ്ഥാപനം നാളെ

ശ്രീകണ്ഠപുരം: ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയത്തിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നാളെ വൈകുന്നേരം മൂന്ന് മണിക്ക് മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കും. കെ.സി. ജോസഫ് എം.എൽ.എ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് മുഖ്യാതിഥിയാകും. ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് സമുച്ചയം 1.50 കോടി രൂപ ചിലവഴിച്ചാണ് നിർമ്മിക്കുന്നത്. ചെങ്ങളായി അരിമ്പ്ര റോഡിൽ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ കെട്ടിട നിർമ്മാണം. ഒരു വർഷം കൊണ്ട് പണി പൂർത്തിയാക്കാനുള്ള ഒരുക്കത്തിലാണ് ഭരണസമിതി. ശിലാസ്ഥാപന പരിപാടി വിജയിപ്പിക്കുന്നതിന് സംഘാടക സമിതി രൂപീകരിച്ചു. യോഗത്തിൽ അഡ്വ. കെ.കെ. രത്നകുമാരി അധ്യക്ഷത വഹിച്ചു. സി.സി. ജയശ്രീ, വി. ധനിഷ, കെ. മിനേഷ്, പി. ദിനേശൻ, മൂസാൻ കുട്ടി, വി.പി. മോഹനൻ, കൊയ്യം ജനാർദനൻ, കെ. ദിവാകരൻ, കെ.പി. മൊയ്തീൻ കുഞ്ഞിഹാജി, വി.വി. കുഞ്ഞികൃഷ്ണൻ, ടി.വി. രമേശൻ, അഷ്റഫ് സംസാരിച്ചു. അഡ്വ. കെ.കെ. രത്നകുമാരി ചെയർമാനും വി. അശോകൻ കൺവീനറുമായി സംഘാടക സമിതി രൂപീകരിച്ചു.

കേരളത്തിലെ ആദ്യ ബൈക്ക് സ്റ്റണ്ട് ഗ്രാന്റ് പ്രിക്സും ഡി.ജെ. പ്രകടനവും നാളെ വായാട്ടുപറമ്പിൽ

ആലക്കോട്: കരുവഞ്ചാൽ വൈസ്മെൻസ് ക്ലബിന്റെയും റൈഡേർസ് ക്ലബിന്റെയും സംയുക്താഭിമുഖ്യത്തിൽ സ്റ്റണ്ട് ഗ്രാന്റ് പ്രിക്സും ഡി.ജെ. പ്രകടനവും നാളെ വൈകുന്നേരം മൂന്ന് മണി മുതൽ വായാട്ടുപറമ്പ് സെന്റ് ജോസഫ് സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. ടീമുകളായി മാറ്റുരയ്ക്കുന്ന ബൈക്കുകളുടെ സാഹസീക പ്രകടനങ്ങളും പ്രശസ്തരായ സൈക്കോ ബ്രദേഴ്സിന്റെ ഡി.ജെ. പ്രകടനവുമാണ് നടക്കുന്നത്. കേരളത്തിൽ തന്നെ ആദ്യമായാണ് വിദേശ രാജ്യങ്ങളിലേതിന് തുല്യമായ സംവിധാനങ്ങളോടെ ഇത്തരമൊരു ബൈക്ക് സ്റ്റണ്ട് പരിപാടി നടക്കുന്നതെന്ന് സംഘാടക സമിതി ഭാരവാഹികളായ ടി. അശോകൻ, ജിൽസ്, ഗണേഷ് വലമറ്റം, ഹാരി അലോഷ്യസ്, സുനിൽ കീഴാരം, ജമാൽ മൊബൈൽ സിറ്റി എന്നിവർ അറിയിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ടീമുകളാണ് പങ്കെടുക്കുന്നത്. വൻ തുകയാണ് സമ്മാനമായി നൽകുന്നത്. കാണികൾക്കുള്ള പ്രവേശനം പാസ് മുഖാന്തിരമാണ്. നാളെ വൈകുന്നേരം മൂന്ന് മണിക്ക് കരുവഞ്ചാൽ വൈസ്മെൻസ് ക്ലബ് പ്രസിഡണ്ട് ടി. അശോകന്റെ അധ്യക്ഷതയിൽ വൈസ്മെൻ ഇന്റർനാഷണൽ ആർ.ഡി. സണ്ണി തെക്കേക്കര ഉദ്ഘാടനം ചെയ്യും. തളിപ്പറമ്പ് ആർ.ടി.ഒ. ജെ.എസ്. ശ്രീകുമാർ ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ് നയിക്കും. ഫാ. ജോർജ് അരീക്കുന്നേൽ, ഷൈനി വട്ടയ്ക്കാട്ട്, വി.എ. റഹിം, എം.എം. ഷനീഷ്, രമേഷ്കുമാർ, വി.വി. ജോസ്, ജയ്സൺ അട്ടാറിമാക്കൽ പ്രസംഗിക്കും. കൺവീനർ ഹാരി അലോഷ്യസ് സ്വാഗതവും സെക്രട്ടറി ജിൽസ് ജോൺ നന്ദിയും പറയും. കാഴ്ചക്കാരുടെ സിരകളെ ത്രസിപ്പിക്കുന്ന മാസ്മരിക പ്രകടനങ്ങൾക്കാണ് വായാട്ടുപറമ്പ് വേദിയാകുന്നതെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281888333, 9446844860.

പയ്യാവൂർ പോലീസ് നുണ പ്രചരണം നടത്തുന്നു: പഞ്ചായത്ത് പ്രസിഡണ്ട്

ശ്രീകണ്ഠപുരം: പയ്യാവൂർ പോലീസിലെ ചില ഉദ്യോഗസ്ഥർ ബോധപൂർവ്വം പഞ്ചായത്തിനെതിരെ നുണ പ്രചരണം നടത്തുകയാണെന്ന് പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റുപറമ്പിൽ ആരോപിച്ചു. ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനെതിരെ പഞ്ചായത്ത് സെക്രട്ടറി പരാതി നൽകി എന്ന തരത്തിലും പോലീസ് സ്റ്റേഷനിലേക്കുള്ള കുടിവെള്ളം മുട്ടിച്ചു എന്നതരത്തിലുള്ള വാർത്തകൾ ചില പോലീസ് ഉദ്യോഗസ്ഥർ വ്യാപകമായി പ്രചരിപ്പിക്കുകയാണ്. ബസ് സ്റ്റാൻഡിനകത്ത് മറ്റ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയണമെന്ന് മാത്രമാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത് എന്നാൽ പോലീസ് ഈ പേര് പറഞ്ഞ് വ്യാപകമായി മറ്റ് സ് ഥലങ്ങളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ പാർക്ക് ചെയ്ത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും പഞ്ചായത്ത് ആവശ്യപ്പെട്ടത് കൊണ്ടാണ് നടപടി എന്നു പറഞ്ഞ് പഞ്ചായത്തിനെ പൊതുജനങ്ങളുടെ മുന്നിൽ മോശക്കാരാക്കുന്നതിനാണ് ശ്രമിച്ചത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനിലേക്കും പഞ്ചായത്തിന്റെ മറ്റ്ഘടക സ്ഥാപനങ്ങളിലേക്കും ഉപയോഗിക്കുന്ന കിണറിൽ കഴിഞ്ഞ കാലങ്ങളിൽ വേനൽക്കാലത്ത് വെള്ളം ആവശ്യത്തിന് ലഭിക്കാത്തതിനാൽ കഴിഞ്ഞ വർഷംആഴം കൂട്ടിഅഭിവൃദ്ധിപെടുത്തിയതാണ്. നിലവിൽ പ്രസ്തുത കിണറിൽ ആവശ്യത്തിനു വെള്ളം ഉണ്ടായിരിക്കെ പഞ്ചായത്ത് ഓഫീസിലെ കുഴൽ കിണർ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ചില പോലീസ് ഉദ്യോഗസ്ഥർ ഉപയോഗിച്ചതാണ് സെക്രട്ടറി തടഞ്ഞത്. പഞ്ചായത്തിന്റെ അനുമതിയോടെ മാത്രമേ പഞ്ചായത്തിന്റെ കുഴൽകിണറും മോട്ടോറും ഉപയോഗിക്കാൻ പാടുള്ളൂ എന്ന് സെക്രട്ടറി പറഞ്ഞ കാര്യം മാധ്യമ പ്രവർത്തകരെയും മറ്റും തെറ്റിദ്ധരിപ്പിച്ച് വാർത്തയാക്കുകയായിരുന്നു. അവർ പറഞ്ഞു.

വിവാഹ പാർട്ടികൾക്ക് താമസ സൗകര്യവുമായി റിവർവ്യൂ കോട്ടേജ്

ആലക്കോട്: കരുവഞ്ചാലിന് സമീപം കല്ലൊടിയിൽ വിവാഹ പാർട്ടികൾക്ക് താമസ സൗകര്യമൊരുക്കിയിരിക്കുന്നതായി റിവർ വ്യൂ കോട്ടേജ് മാനേജ്മെന്റ് അറിയിച്ചു. ബുക്കിംഗിന്: 9495370051, 0460 2245280.

NOTIFICATION

I Fasil.K.P, K.P. House, Chorukkala (P.O), Kurumathoor, Kannur 670142. Here by inviting to the notice of the Public that my marklist of B.Com Examination 2014 May with Reg. Sl 11BR0015 of University of Kannur have been irrecoverably lost during travel and as such I intend to apply for the duplicate Marklist. If any body happens to get the originals may kindly send the same or intimate the undersigned or the University.

Sd/-
FASIL. K.P.

നഷ്ടപ്പെട്ടു

എന്റെ സി. ബി. എസ്. ഇ. സെക്കണ്ടറി സ്കൂൾ പരീക്ഷയുടെ (വർഷം 2011–13, റോൾ നമ്പർ: 4211558) സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടതായി അറിയിക്കുന്നു.

ബ്രാറ്റ്‌ലിൻ ബൈജു
കിഴക്കെകര ഹൗസ്
അരങ്ങ് (പി.ഒ), നടുവിൽ,
കണ്ണൂർ - 670582
Ph: 9495079390

ആവശ്യമുണ്ട്

മഹാരാഷ്ട്രയിൽ ബേക്കറിയിലേക്ക് പരിചയം ഉള്ള സെയിൽസ്മാൻമാരെ ആവശ്യമുണ്ട്. ഹിന്ദി ഭാഷ അറിഞ്ഞിരിക്കണം. ഭക്ഷണം, താമസം സൗജന്യം. ഹിന്ദി ഭാഷ അറിയുന്നവർ മാത്രം വിളിക്കുക.

9404009840,
9922494916

ആവശ്യമുണ്ട്

കണ്ണൂരിലുള്ള പ്രമുഖ ഹൈപ്പർ മാർക്കറ്റിലേക്ക്
ഹോസ്റ്റലിൽ താമസിച്ച് ജോലി ചെയ്യാൻ
താൽപ്പര്യമുള്ള പെൺകുട്ടികളിൽ നിന്നും
അപേക്ഷ ക്ഷണിക്കുന്നു.
ശമ്പളം: 6000/6500 (Free food & Accomadation)

Mob: 9656220623, 9656220688

DARUL HUDA
ISLAMIC NURSERY &
ENGLISH MEDIUM SCHOOL
C.POYIL, PARIYARAM
ADMISSION STARTED
LKG To V Classes
For Admission
Contact: 9544859868, 8281656454

ടീച്ചർമാരെ ആവശ്യമുണ്ട്

കോരൻപീടിക ദാറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് ഇംഗ്ലീഷ്, മാത്സ് ടീച്ചർമാരെയും കമ്പ്യൂട്ടർ ടീച്ചർ കം ക്ലാർക്കിനെയും ആവശ്യമുണ്ട്. ബന്ധപ്പെടുക
9446162212